പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1142 10/08/2017-ൽ മറുപടിക്ക്

## അദ്ധ്യാപക തസ്തിക നിർണ്ണയം

| **ചോദ്യം**<br>ശ്രീ. അനൂപ് ജേക്കബ്: | **ഉത്തരം**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) 2017-18 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച സർക്കാർ ഉത്തരവ് 57/2017 ഉം 19/6/2017 ലെ ഡി.പി.ഐ യുടെ പരിപത്രവും അദ്ധ്യാപകരോടുള്ള കടുത്ത വഞ്ചനയാണെന്നുള്ള ആക്ഷേപം വസ്തുതാപരമാണോ ; | (എ) 2017-18 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച് പുറപ്പെടുവിച്ച 18/06/2017-ലെ ജി.ഒ (പി) നം. 57/2017/പൊവിവ. നമ്പർ ഉത്തരവും അതിനെ തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ 19/06/2017 ന് പുറപ്പെടുവിച്ച പരിപത്രവും അദ്ധ്യാപകരോടുള്ള വഞ്ചനയാണെന്ന ആക്ഷേപം വസ്തുതാപരമല്ല. |
| (ബി) ഒന്ന് മുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിൽ 120 മുതൽ 300 വരെയുള്ള കുട്ടികൾക്ക് അഞ്ച് ഡിവിഷൻ മാത്രമേ അനുവദിക്കുകയുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) പ്രസ്തുത നിർദ്ദേശം 29-1-2016 ലെ ഉത്തരവിന് വിരുദ്ധമല്ലേയെന്നും ; പുതിയ ഉത്തരവ് മൂലം അദ്ധ്യാപകർക്ക് 1:30 ആനുകൂല്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടോയെന്നും വ്യക്തമാക്കുമോ ;<br>(ഡി) എങ്കിൽ ഈ ഉത്തരവ് മൂലം അദ്ധ്യാപകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?. | (സി) യും (ഡി) യും 29/01/2016 ലെ ഉത്തരവിന് വിരുദ്ധമായ നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ